**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5228** **14-03-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് ഓഫീസുകളായി മാറ്റിയിട്ടുള്ളതെന്നും മാറ്റപ്പെടാത്തവ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | കുണ്ടറ മണ്ഡലത്തിലെ പേരയം, തൃക്കോവിൽവട്ടം, തഴുത്തല എന്നീ വില്ലേജ് ഓഫീസുകൾ നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയിട്ടുണ്ട്. ഇളമ്പള്ളൂർ, മുളവന, നെടുമ്പന, പള്ളിമൺ എന്നീ വില്ലേജ് ഓഫീസുകളുടെ സ്മാർട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ഘാടനം പ്രതീക്ഷിക്കുന്നവയുമാണ്. പെരിനാട് വില്ലേജ് ഓഫീസിന്റെ സ്മാർട്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ 30 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസായി ഇനി മാറ്റുവാനുള്ളത് കൊറ്റങ്കര വില്ലേജ് ഓഫീസ് മാത്രമാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കുണ്ടറ മണ്ഡലത്തിലെ പേരയം, തൃക്കോവിൽവട്ടം, തഴുത്തല എന്നീ വില്ലേജ് ഓഫീസുകളാണ് നിലവിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജ് ഓഫീസുകളിൽ വളരെയേറെ കാലപ്പഴക്കം ചെന്ന എത്ര കെട്ടിടങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ വളരെയേറെ കാലപ്പഴക്കം ചെന്ന വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെട്ടു വരുന്നില്ല. |

സെക്ഷൻ ഓഫീസർ